**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1722 — 22.03.2012 ൽ മറുപടിക്ക്

ഇറ്റാലിയൻ സംഘത്തിന്റെ ബോട്ട് പരിശോധനയും ഫോട്ടോ എടുക്കലും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>,, എ. കെ. ശശീന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഇറ്റാലിയൻ കപ്പലിൽനിന്നും സൈനികർ വെടിവച്ച മത്സ്യബന്ധന ബോട്ട്, 26-02-2012-ന് കൊച്ചിയിൽനിന്നും കേസ് അന്വേഷിക്കുന്ന പ്രത്യേക പോലീസ് സംഘത്തിന്റെ അകമ്പടിയോടെ എത്തിയ ഇറ്റാലിയൻ സംഘം നീണ്ടകരയിൽ വച്ച് പരിശോധിക്കുകയും ബോട്ടിന്റെ വിവിധ ആംഗിളുകളിലുള്ള ഫോട്ടോ എടുക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇറ്റാലിയൻ കോൺസൽ ജനറൽ നീണ്ടകരയിലെത്തി പ്രസ്തുത ബോട്ട് സന്ദർശിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സന്ദർശനവുമായി ബന്ധപ്പെട്ട് ക്രമസമാധ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ കർശനപോലീസ് സുരക്ഷ ഈ മേഖലയിൽ ഏർപ്പെടുത്തിയിരുന്നു. പോലീസ് അകമ്പടി ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) തീരദേശ പോലീസിന്റെ കസ്റ്റഡിയിൽ നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് സൂക്ഷിച്ചിരുന്ന സെയ്ന്റ് ആന്റണി എന്ന ബോട്ട് പരിശോധിക്കാൻ ഇറ്റാലിയൻ സംഘത്തിന് അനുമതി നൽകിയതാരാണ്; | (ബി) ഇറ്റാലിയൻ സംഘം ബോട്ട് പരിശോധന നടത്തിയിട്ടില്ല. |
| (സി) ഇറ്റാലിയൻ സംഘത്തിൽ ഉണ്ടായിരുന്നവരുടേയും അവരെ അനുഗമിച്ച പ്രത്യേക അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരുടേയും പേര് വിവരം വെളിപ്പെടുത്തുമോ ? | (സി) ഇറ്റാലിയൻ കോൺസൽ ജനറൽ ഗിയാംപോളോ കുറ്റിലോയും ഇറ്റാലിയൻ സർക്കാരിന്റെ പ്രതിനിധികളായ മറ്റ് മൂന്ന് പേരും ഉണ്ടായിരുന്നതായി കാണുന്നു. പ്രത്യേക അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥർ അനുഗമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ